# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

# തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## വാർഡ് 3 -കല്ലോട് നോർത്ത്

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

## പേരാമ്പ്ര ബ്ലോക്ക്

## കോഴിക്കോട് ജില്ല

റിപ്പോർട്ട് തയ്യാറാക്കിയത്

ജിനിൽ, ശരത്, ശില്പ, പഞ്ചമി, ശ്രീജിത്ത്, ആരതി

വില്ലേജ് റിസോഴ്സ് പേഴ്സൺ, പേരാമ്പ്ര ബ്ലോക്ക്

# ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതിഗ്രാമീണജനതയുടെ ഉന്നമനത്തിനും സാമൂഹ്യ ആസ്തിയുടെനിർമ്മാണത്തിനും സഹായകമായിട്ടുള്ളഒരുകേന്ദ്രാവിഷ്കൃതപദ്ധതിയാണ്. 2005 സെപ്റ്റംബർ 5 ന് നിലവിൽവന്ന തൊഴിലുറപ്പ്നിയമ ത്തിന്റെ അടിസ്ഥാനപെടുത്തിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.സമൂഹത്തി ൽ പിന്നോക്കംനിൽക്കുന്നവരുടെയും ദാരിദ്രം അനുഭവിക്കുന്നവരുടെയും കൈപിടിച്ചുയർത്തുവാനുംഅതുവഴി ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ മുഖച്ഛായ മാറ്റാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗ്രാമീണമേഖലയിലെ ഓരോ കുടുംബത്തിനും മറ്റു തൊഴിലുകൾ നഷ്ടമാകാതെ അധികമായി 100 ദിവസത്തെ അവിദഗ്ധകായിക തൊഴിൽ ഉറപ്പാക്കുക എന്നതിലൂടെ ജനങ്ങളുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുക എന്നതാണ് ഇതിൻറെ അടിസ്ഥാന ലക്ഷ്യംതൊഴിലുറപ്പ് പദ്ധതിഅവകാശ അധിഷ്ഠിതവുംആവിശ്യാധിഷ്ഠിതവുംപദ്ധതിയാണ്.തൊഴിലുറപ്പ്പദ്ധതിയുടെമറ്റ്പ്രധാനല ക്ഷ്ങ്ങൾപ്രകൃതിവിഭവപരിപാലനത്തിൽ ഓരോ പ്രദേശത്തെയും വിഭവ അടിത്തറ ശക്തമാക്കുക,വരൾച്ച,മണ്ണൊലി പ്പ്,വെള്ളപ്പൊക്കം,വനനശീകരണം, i കാലാവസ്ഥാവ്യതിയാനം തുടങ്ങിയപാരിസ്ഥിതികപ്രശ്ന ങ്ങൾ പരിഹാരംകാണുക.ഉൽപ്പാദന പരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ ദാരിദ്ര്യ ലഘൂകരണം സുസ്ഥിരം ആക്കുക, തൊഴിലുറപ്പ് പദ്ധതിയിലൂടെ മുഖ്യധാരയിലെസ്ത്രീകളെസംഘമായികൊണ്ടുവരുന്നതിനുഅവരുടെ സാമ്പത്തികവും സാമൂഹികവുമായ ശാസ്ത്രീകരണം ഉറപ്പാക്കുക എന്നിവയാണ്.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടാം തീയതി ഈ നിയമം നിലവിൽ വരികയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു കേരളത്തിൽ വയനാട്, പാലക്കാട് ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15ന് 130 ജില്ലകളിൽ കൂടി ഇത് വ്യാപിച്ചു.ഇടുക്കി, കാസർകോട് ജില്ലകളിൽ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിച്ചു. ഇന്ത്യയിലെ മുഴുവൻ ജില്ലകളിൽ ഈ പദ്ധതി നിലവിൽ ഉണ്ട്.ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരുഅവകാശ അധിഷ്ഠിതം തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണത്തെ നിർണായക വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

**സവിശേഷതകൾ :-**

*ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.

* സ്ത്രീക്കും പുരുഷനും തുല്യ വേതനം.

*പരിസ്ഥിതിസംരക്ഷണം,കാർഷി കമേഖലയിലെഅടിസ്ഥാനവികസനം എന്നിവയ്ക്ക് മുൻഗണന.

*തൊഴിലാളികൾ തന്നെ തൊഴിൽ കണ്ടെത്തുക, ആസൂത്രണ പ്രക്രിയകളിൽ പങ്കാളിയാവാൻ അവസരം.

*കരാറുകാരോ ഇടനിലക്കാരോ ഇല്ല.

*പൊതുജന പങ്കാളിത്തത്തോടെ ലേബർബജറ്റ്.

*ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ് വഴി മാത്രം വേതന വിതരണം.

*സ്ത്രീകൾക്ക് മുൻഗണന. *കമ്പ്യൂട്ടർ ശൃംഖലയിൽ ഉള്ള മോണിറ്ററിംഗ് സംവിധാനം.
*ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു (സോഷ്യൽ ഓഡിറ്റ് സംവിധാനം)

* പരാതി പരിഹാര സംവിധാനം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തിയും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണമെന്ന് നിയമത്തിലെ പതിനേഴാം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയുംപൊതുധനം ചെലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.തൊഴിലുറപ്പ് നിയമം പ്രകാരം വർഷത്തിൽ രണ്ട് തവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എല്ലാ വാർഡിലും നടത്തേണ്ടതാണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അഥവാ സാമൂഹികകണക്കെടുപ്പ് എന്നതിലൂടെ ഉദ്ദേശിക്കുന്നത് പ്രവർത്തി സ്ഥലങ്ങൾ അഥവാ വർക്ക്സൈറ്റ്നേരിട്ട്സന്ദർശിച്ചും, തൊഴിലാളികളോട് നിർവഹണ ഉദ്യോഗസ്ഥരോടും, അഭിമുഖ നടത്തിയതിലൂടെയും, ലഭ്യമായ രേഖകളുടെവിശദപരിശോധനയിലൂടെയും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച്ഗ്രാമസഭകളിലുംപൊതുസമൂഹത്തെഅറിയിക്കുക എന്നതാണ്.ഇപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെയുംഗ്രാമസഭകളിൽഉയരുന്നതൊഴിലുറപ്പ്തൊഴിലാളികളുടെ അഭിപ്രായങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടത്തിപ്പിനെ സുതാര്യതയും ഉത്തരവാദിത്വവും ഊട്ടിയുറപ്പിക്കുക എന്നതാണ് സോഷ്യൽഓഡിറ്റ്ലക്ഷ്യമിടുന്നത്. വസ്തുതാപരമായ കണ്ടെത്തലുകളിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായ ഗ്രാമീണജനതയുടെ ഉന്നമനത്തിനും പദ്ധതിയുടെ

മെച്ചപ്പെട്ട പ്രവർത്തനത്തിനും  സോഷ്യൽഓഡിറ്റിലൂടെസാധിക്കുന്നു.

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെടുന്ന പേരാമ്പ്ര ഗ്രാമപഞ്ചായത്ത് നല്ല രീതിയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. പദ്ധതി നടത്തിപ്പിനായ്ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്പമെന്റ് ഓഫിസർ, JBDO, അക്രെഡിക്ട് എഞ്ചിനീയർ, അക്കൗണ്ടന്റ് &ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും പഞ്ചായത്ത് തലത്തിൽ സെക്രട്ടറി, അസി. സെക്രട്ടറി, അക്രെഡിക്ട് എഞ്ചിനീയർ, ഓവർസിയർ അക്കൗണ്ടന്റ് &ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഇ പദ്ധതിക് വേണ്ടി നൽകുന്നു.



| | |
|---|---|
| പഞ്ചായത്തിന്റെ പേര് | പേരാമ്പ്ര ഗ്രാമപഞ്ചായത്ത് |
| വിസ്തീർണ്ണം | 21.61sk |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | പേരാമ്പ്ര |
| താലൂക്ക് | കൊയിലാണ്ടി |
| ഉൾപ്പെടുന്ന വാർഡുകൾ | 19 |
| തൊഴിൽ കാർഡ് ഉടമകൾ | 15566 |
| സജീവ തൊഴിലാളികൾ | 7080 |

# തൊഴിലാളികളുടെ 10 അവകാശങ്ങൾ

തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു. അവ ഏതൊക്കെയാണെന്ന് ചുവടെ ചേർക്കുന്നു.

**1) തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം( ഷെഡ്യൂൾഡ് 2, ഖണ്ഡിക 1-5 AMC അധ്യായം-3)**

ഗ്രാമ പഞ്ചായത്ത് സ്ഥിരതാമസം ഉള്ള അവിദഗ്ധ കായിക തൊഴിൽ ചെയ്യുവാൻ തയ്യാർ ആയിട്ടുള്ള വ്യക്തികൾ ഗ്രാമ പഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യുക. ഒരു കുടുംബത്തിൽ തൊഴിൽ ആവശ്യമുള്ളവരുടെ മുഴുവൻ പേര് വിവരങ്ങൾ ഉൾപ്പെടുത്തി ആയിരിക്കണം അപേക്ഷിക്കേണ്ടത്. അപേക്ഷയിൽ പൂർണമായ മേൽവിലാസം, വയസ്സ്, വാർഡ് നമ്പർ, റേഷൻ കാർഡ് നമ്പർ, ആധാർ നമ്പർ എന്നിവ ചേർത്തിരിക്കണം. അപേക്ഷകർക്ക് പ്രാഥമിക അന്വേഷണത്തിന് ശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൊഴിൽ കാർഡ് അനുവദിച്ച് നൽകും. അപേക്ഷ നൽകിയാൽ 15 ദിവസത്തിനകം തൊഴിൽകാർഡ് അനുവദിക്കണം. ഒരു കുടുംബത്തിന് ഒരു തൊഴിൽകാർഡ് മാത്രമേ ലഭിക്കൂ. തൊഴിൽ ആവശ്യമുള്ള മുഴുവൻ കുടുംബാംഗങ്ങളുടെയും ഫോട്ടോയും, വിവരങ്ങളും തൊഴിൽ കാർഡിൽ ഉണ്ടായിരിക്കണം. ഒന്നിലധികം തൊഴിൽ കാർഡുകൾ ഒരാളുടെ പേരിൽ ഉണ്ടായിരിക്കുന്നത് ക്രിമിനൽ കുറ്റകരമാണ്. എന്നാൽ മാതാപിതാക്കളെയോ, സഹോദരങ്ങളെയോ ആശ്രയിച്ചുകഴിയുന്ന വിധവകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ അഗതികൾ എന്നിവർക്ക് പ്രത്യേകം വേറെ തൊഴിൽ കാർഡ് കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യമുള്ള മുഴുവൻ കുടുംബാംഗങ്ങളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോകൾ തൊഴിൽ കാർഡിൽ പറിച്ചിരിക്കണം. ഫോട്ടോ എടുക്കുന്നതിന്റെ ചിലവ് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് വഹിക്കും. അഞ്ചു വർഷത്തേക്കാണ് ഒരു തൊഴിൽ കാർഡ് അനുവദിച്ചു നൽകുന്നത്. ഒരു കുടുംബം ഒരു വർഷം ആവശ്യപ്പെട്ട തൊഴിൽദിനങ്ങൾ അവർക്ക് അനുവദിച്ച തൊഴിൽദിനങ്ങൾ, ലഭിച്ച വേതനം, ഏറ്റെടുത്ത പ്രവർത്തികളും മസ്റ്റർ റോൾ നമ്പറുകളും ലഭിച്ച തൊഴിലില്ലായ്മ വേതനം നഷ്ടപരിഹാരം മുതലായ വിവരങ്ങളും തൊഴിൽ കാർഡിൽ അതാത് സമയം എഴുതി ചേർക്കണം.

**2) അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുവാനും ഉള്ള അവകാശം ( ഷെഡ്യൂൾഡ് 1, ഖണ്ഡിക 8, ഷെഡ്യൂൾ 2, ഖണ്ഡിക 6-13)**

തൊഴിൽ കാർഡ് ലഭിച്ചവർ തൊഴിൽ ആവശ്യമുള്ളപ്പോൾ പ്രത്യേക അപേക്ഷ നൽകണം. നിർദ്ദിഷ്ട ഫോറത്തിൽ ഗ്രാമപഞ്ചായത്തിലാണ് അപേക്ഷ നൽകേണ്ടത്. വെള്ള കടലാസിലും അപേക്ഷ നൽകാവുന്നതാണ്. 2014 ലെ പുതുക്കിയ നിർദ്ദേശങ്ങൾ പ്രകാരം മൊബൈൽ ഫോൺ, ലാൻഡ് ഫോൺ എന്നിവയിലൂടെയും തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. എഴുത്തും വായനയും അറിയാത്തവർക്ക് നിർദ്ദിഷ്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വാക്കാലും തൊഴിൽ ആവശ്യപ്പെടാവുന്നതാണ്. തൊഴിലിനായി അപേക്ഷ നൽകുമ്പോൾ രസീത് കൈപ്പറ്റി ഇരിക്കണം. ചുരുങ്ങിയത് രണ്ടാഴ്ചത്തേക്ക് ആണ് തൊഴിൽ ആവശ്യപ്പെടേണ്ടത് കൂടുതൽ ദിവസങ്ങളിലേക്ക് വേണ്ട പ്രവർത്തികൾ മുൻകൂട്ടി അപേക്ഷിക്കുന്നതിന് അനുവാദമുണ്ട്. എന്നു മുതൽ എന്നു വരെ തൊഴിൽ ആവശ്യം ഉള്ളത് എന്ന്

വ്യക്തമാക്കണം അപേക്ഷിച്ച് തീയതിമുതൽ കോ, അപേക്ഷ ലഭിച്ച് പരമാവധി 15 ദിവസങ്ങളിലോ തൊഴിൽ ലഭ്യമായിരിക്കണം. പരമാവധി 100 ദിവസത്തെ തൊഴിൽ ആണ് അപേക്ഷ നൽകേണ്ടത്. എന്നാൽ വനപ്രദേശത്തു വനാതിർത്തികളിൽ ഉം താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നൽകുന്നതിന് ഇപ്പോൾ അനുവാദമുണ്ട്.

**3) തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ ഉള്ള അവകാശം( ആദ്യത്തെ 30 ദിവസം കൂലിയുടെ1/4 പിന്നീടുള്ള ദിവസങ്ങളിൽ1/2 ഭാഗം)**

തൊഴിൽ ആവശ്യപ്പെട്ട് വർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിന് തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് ആവശ്യമാണ്. തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ പതിനാറാമത്തെ ദിവസം മുതൽ ആദ്യത്തെ 30 ദിവസം നിർദ്ദിഷ്ഠ വേദന ത്തിന്റെ1/4 കുറയാതെ തുകയും പിന്നീടുള്ള ദിവസങ്ങളിൽ വേദന ത്തിന്റെ പകുതിയിൽ കുറയാതെ തുകയും ആണ് തൊഴിലില്ലായ്മ വേതനം ലഭിക്കുക. സംസ്ഥാന സർക്കാരാണ് തൊഴിലില്ലായ്മ വേതനം നൽകേണ്ടത്. പിന്നീട് ഈ തുക തൊഴിൽ നൽകുന്നതിൽ വീഴ്ച വരുത്തിയ അവരിൽനിന്നും ഈടാക്കണമെന്ന് വ്യവസ്ഥ. തൊഴിൽ അനുവദിച്ചു നൽകിയ അന്നുമുതൽ കോ 100 ദിവസത്തെ വേതനത്തിന് തുല്യമായ തുക തൊഴിലില്ലായ്മ വേതനമായി ലഭിക്കുന്ന ദിവസമോ തൊഴിലില്ലായ്മ വേതനത്തിനുള്ള അർഹത നഷ്ടമാകും വേദന മായും തൊഴിലില്ലായ്മ വേതനം ആയും ഒരാൾക്ക് പരമാവധി 100 ദിവസത്തെ വേതനത്തിന് തുല്യമായ തുകയോ ലഭിക്കുവാൻ അർഹതയുള്ളൂ.

**4) ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കാനുള്ള അവകാശം**.

ഒരു ഗ്രാമപഞ്ചായത്തിലെ ഷെൽഫ് ഓഫ് പ്രൊജക്റ്റ് എന്ന് പറയുന്നത് എസ്റ്റിമേറ്റ് അടക്കമുള്ള പ്രവർത്തികളുടെ വിശദ വിവരങ്ങൾ ആണ് ഇത് നടപ്പു സാമ്പത്തിക വർഷത്തിലെ തലേദിവസം ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കണം. ഒരു ഗ്രാമ പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റ് ഇരട്ടിയിലധികം തുകയ്ക്കുള്ള പ്രവർത്തികളാണ് ഷെൽഫ് ഓഫ് പ്രൊജക്റ്റ് ഉണ്ടാവുക ഇതിൽ ഏതു പ്രവർത്തി വേണമെങ്കിലും വാർഷിക കലണ്ടർ, തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം, പ്രവർത്തി നടപ്പിലാക്കുന്ന കാലയളവിലെ കാലാവസ്ഥ എന്നതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കാം.

**5) അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം, അല്ലെങ്കിൽ വേദന ത്തിന്റെ 10% അധികം**

അപേക്ഷകരുടെ താമസസ്ഥലത്തിന് അഞ്ച് കിലോമീറ്റർ പരിധിക്കുള്ളിൽ തൊഴിൽ ലഭിക്കുന്നതിന് മുൻഗണന നൽകണം 5 കിലോമീറ്റർ ദൂരപരിധിക് പുറത്താണ് തൊഴിലെടുക്കുന്നത് എങ്കിൽ10% അധിക വേതനത്തിന് തൊഴിലാളികൾക്ക് അവകാശമുണ്ടായിരിക്കും.

**6) കുടിവെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം എന്നിവ ലഭിക്കുവാനുള്ള അവകാശം( ഷെഡ്യൂൾഡ് 2: ഖണ്ഡിക 23-28)**

തൊഴിലിടങ്ങളിലെ സൗകര്യങ്ങൾ:-

* തൊഴിലാളികൾക്ക് തിളപ്പിച്ചാറിയ വെള്ളം നൽകുക

* പ്രഥമ ശുശ്രൂഷ കിറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തുക

* ഭക്ഷണം കഴിക്കുന്നതിനു ഉച്ചക്ക് ഒരു മണിക്കൂർ വിശ്രമിക്കുന്ന അതിനും ടാർപോളിൻ ഷീറ്റ് കൊണ്ട് തണുപ്പിക്കുക

* 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം അഞ്ചിൽ കൂടുതൽ ആണെങ്കിൽ അവരെ പരിപാലിക്കുക

**7) 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം**

പദ്ധതിയുടെ വേതനം ബാങ്ക്,  പോസ്റ്റ് ഓഫീസ് അക്കൗണ്ടിലൂടെയാണ് നൽകുന്നത് ഓരോ തൊഴിലാളികൾക്കും പ്രത്യേകം അക്കൗണ്ട് വേണം. ഓരോ തൊഴിലാളികളുടേയും വേദനം

അവരവർക്ക് തന്നെ ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനാണ് ഇങ്ങനെ നിഷ്കർഷിച്ചിട്ടുള്ളത്. സ്ത്രീ തൊഴിലാളികളുടെ വേതനത്തിന് മേലുള്ള നിയന്ത്രണം അവർക്ക് തന്നെ ആയിരിക്കണമെന്ന ഒരു ലക്ഷ്യം ഈ അവസ്ഥയ്ക്ക് പിന്നിലുണ്ട്. തൊഴിലാളികളുടെ ആധാർ നമ്പർ കൂടി തൊഴിൽ കാർഡിൽ രേഖപ്പെടുത്തിയാൽ ആൾമാറാട്ടം, ഇരട്ടിപ്പ് എന്നിവ മുഖേന ഉള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും.

**8) വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുന്ന അവകാശം.**

മസ്റ്റർ റോൾ അവസാനിച് 15 ദിവസത്തിനകം വേദനം ലഭിച്ചിരിക്കണം ഇങ്ങനെ ലഭ്യമാകാതെ വന്നാൽ പതിനാറാമത്തെ ദിവസം മുതൽ  ലഭിക്കുവാനുള്ള വേദനത്തിന്റെ 0.05% തുക ഓരോ ദിവസവും നഷ്ടപരിഹാരമായി ലഭിക്കണമെന്നാണ് 2014ലെ പുതുക്കിയ ഷെഡ്യൂൾ 2 വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ തുക തൽക്കാലം സർക്കാർ വഹിക്കും എങ്കിലും പിന്നീട് വിശദമായ അന്വേഷണത്തിന്റെ  അടിസ്ഥാനത്തിൽ ഉത്തരവാദിയായ അവരിൽനിന്നും ഈടാക്കണം എന്നാണ് വ്യവസ്ഥ മനപ്പൂർവ്വം അലംഭാവം കൊണ്ട് പാവപ്പെട്ടവരായ കൂലി തൊഴിലാളികളുടെ വേതനം തുടങ്ങുകയോ വൈകുകയും ചെയ്യുന്നത് ഒഴിവാക്കുന്നതാണ് ഇങ്ങനെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അളവുകൾ രേഖപ്പെടുത്തേണ്ട ഓവർസിയർ, മേൽ അളവുകൾ എടുക്കേണ്ട അക്രെഡിറ്റഡ് എഞ്ചിനീയർ, ഡാറ്റാ എൻട്രി നടത്തി വേജ് ലിസ്റ്റ് തയ്യാറാക്കേണ്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ ഉപ്പ അടയ്ക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവർ നിർദിഷ്ട ദിവസത്തിനുള്ളിൽ അതു നൽകുന്നുവെന്നും പൂർത്തീകരിക്കുമെന്നും ഉറപ്പുവരുത്തണം.

**9 ) സമയബന്ധിതമായല്ല പരാതി പരിഹാരത്തിനുള്ള അവകാശം.**

തൊഴിലുറപ്പ് നിയമം സെക്ഷൻ 19 ഷെഡ്യൂൾ 2 പേരഗ്രാഫ് 35 കേന്ദ്ര വാർഷിക സർക്കുലർ ചാപ്റ്റർ 10.4 എന്നിവ പ്രകാരം സമയബന്ധിത പരാതി പരിഹാരത്തിനുള്ള അവകാശം അനുശാസിക്കുന്നു. തൊഴിലുറപ്പു മായി ബന്ധപ്പെട്ട പരാതികൾ രേഖ പരമായ വാക്കാലോ ഫോൺ മുഖാന്തിരമോ നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കാവുന്നതാണ് ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരാതി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും പരാതിയിന്മേൽ എടുത്ത നടപടികൾ പരാതിക്കാരനെ അറിയിക്കേണ്ട തും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്.

**10) സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

ഒരു പ്രവർത്തിയുടെ നേരവകാശികൾ ആയ സാധാരണജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണ്, ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോ, നിർവഹണ രീതിയിൽ അപാകത ഉണ്ടായിരുന്നോ, പ്രതീക്ഷിച്ച നേട്ടം പദ്ധതിമൂലം ഉണ്ടായിട്ടുണ്ടോ, എന്നാൽ ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീം ഫയലുകളും, രേഖകളും, രജിസ്റ്ററുകളും പരിശോധിക്കുകയും പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച് അളവുകൾ എടുത്തു നോക്കുകയും ചെയ്യുന്നു. പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ആണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടത

**പ്രവർത്തിയെ സംബന്ധിച്ച വിവരങ്ങൾ**

ഫീൽഡ് ഫയൽ പരിശോധന റിപ്പോർട്ട്.

പ്രവർത്തിയുടെ പേര് -കേളോത് മണവയൽ റോഡ്. വർക്ക് കോഡ് 1604009007/Rc/276866

പ്രവർത്തി ആരംഭിച്ചത് 7.03.19പൂർത്തീകരിച്ചത് 12.03.19.5അവിദഗ്ധ തൊഴിലാളികൾ 6ദിവസങ്ങളിലായ് 30തൊഴിൽ ദിനങ്ങളും 2വിദഗ്ധ തൊഴിലാളികൾ 6ദിവസങ്ങളിലായ് 12തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചു. മാസ്റ്ററോൾ പ്രകാരം വേതനഇനത്തിൽ അവിദഗ്ധ തൊഴിലാളികളുടെ വേതനം 8130രൂപയുംവിദഗ്ധ തൊഴിലാളികളുടെ വേതനം 10200രൂപയും പണിയായുധങ്ങളുടെ വാടക15രൂപയും നൽകിയിരുന്നു. പ്രവർത്തിയിൽ മെറ്റീരിയൽ ആവശ്യത്തിനായി 72903രൂപയും സൈറ്റ് ബോര്ഡിനായി 5000രൂപയും നൽകിയിരിക്കുന്നു. പ്രവർത്തിയിൽ ഉൾപ്പെട്ട തൊഴിലാളികൾക് സുരക്ഷ ഉപകരണങ്ങൾ, തണൽ, കുടിവെള്ളം, എന്നീ തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഫീൽഡ് സന്ദർശിച്ചപ്പോൾ 35m നീളവും 2.50m വീതിയുമാണ് റോഡിനുള്ളത് സൈറ്റ് ബോർഡ് കാണാൻ സാധിച്ചില്ല.

പ്രവർത്തിയുടെ പേര് അരക്കത്തോട് നീർ തടത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ നെടുമ്പറമ്പത്ത് ഭാഗം കയ്യാല നിർമ്മാണം

1604009007/wc/297796

പ്രവർത്തി ആരംഭിച്ചത് 02/11/18 മുതൽ 12/11/2018 നെ അവസാനിച്ചു. 77 തൊഴിലാളികൾ പത്ത് ദിവസങ്ങളിലായി 702 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് വേതന ഇനത്തിൽ 190242 രൂപ ചെലവായിട്ടുണ്ട് പണിയായുധം വാടകയിനത്തിൽ 1570 രൂപ നൽകിയിരുന്നു അടങ്കൽ തുകയായി മൂന്നു ലക്ഷത്തി അമ്പതിനായിരം രൂപ

പ്രവർത്തി ചെയ്ത സ്ഥലം സന്ദർശിച്ചപ്പോൾ പല സ്ഥലങ്ങളിൽ ആയിട്ടാണ് പ്രവർത്തി കാണാൻ സാധിച്ചത് തൊഴിൽ സ്ഥലങ്ങൾ പരിശോധിച്ചപ്പോൾ കയ്യാല നിർമ്മാണം പ്രവർത്തി നടന്ന സ്ഥലത്തിൽ സൈറ്റ് ബോർഡ് കാണാൻ സാധിച്ചിരുന്നില്ല തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങൾ അവർ ഉന്നയിച്ചത് 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടില്ല എന്നാണ് കയ്യാലകൾ എല്ലാം തന്നെ നല്ല രീതിയിൽ നിർമ്മിച്ചിട്ടുണ്ട് ചില പ്രവർത്തികൾ പുല്ലു നിറഞ്ഞ കിടക്കുകയും ചില ഇടിഞ്ഞു വീഴുകയും ചെയ്തിട്ടുണ്ട് ഫയൽ പരിശോധിച്ചപ്പോൾ 3000 രൂപ അനുവദിച്ചെന്ന കണ്ടു പക്ഷേ ഇത് നോട്ട് പെയ്ഡ് എന്നാണ് കണ്ടെത്തിയത് സജീവ തൊഴിലാളികളുടെ സ്ഥലത്താണ് പ്രവർത്തികൾ അധികവും നടന്നത് വാർഡിലെ മേറ്റ് മാർക്ക് ഉടമകളിൽ നിന്ന് അപേക്ഷ പഞ്ചായത്തിൽ എത്തിച്ചു കൊടുക്കുകയാണ് ചെയ്തത്. ഉടമകൾക്ക് എല്ലാം തൊഴിൽകാർഡ് ഉണ്ടായിരുന്നു പുതിയ തൊഴിൽ കാർഡ് ആർക്കും തന്നെ ലഭ്യമായിട്ടില്ല എന്നാണ് തൊഴിലാളികളിൽ നിന്നും കിട്ടിയ മറുപടി. തൊഴിലാളികളും ആയിട്ടുള്ള അഭിമുഖസംഭാഷണത്തിൽ മനസ്സിലാക്കാൻ സാധിച്ചത് ഒരേ പ്രവർത്തികൾ ആണ് എപ്പോഴും ചെയ്യാറുള്ളത് എന്നും ചെയ്ത പ്രവർത്തികൾ കാണാൻ സാധിച്ചു ഒരു വീടുകളിൽ രണ്ടു തൊഴിലാളികൾ ഉള്ളവർക്ക് മാത്രമേ നൂറു ദിവസത്തെ തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുള്ളൂ.

പ്രവർത്തിയുടെ പേര് അറക്ക തോട് നീർ തടത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ കൊളത്തൂകുന്ന് ഭാഗം

1604009007/wc/297799

പ്രവർത്തി ആരംഭിച്ചത് 26 10 2018ലെ തുടങ്ങി 1 10 2018 ന് അവസാനിച്ചു പിന്നെ 2 11 2018 നു തുടങ്ങിയ പ്രവർത്തി 12 11 2018 ന് അവസാനിച്ചു ഇത് പ്രകാരം 1010 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് 131 തൊഴിലാളികൾ ഉൾപ്പെട്ടിരിക്കുന്ന ആയിരുന്നു ഈ പ്രവർത്തി 278957 രൂപയാണ് ചിലവഴിച്ചത് അടങ്കൽ തുക മൂന്നു ലക്ഷത്തി അമ്പതിനായിരം

പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ മനസ്സിലായത് സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലാണ് പ്രവർത്തി അധികവും നടന്നിരിക്കുന്നത് ഭൂ ഉടമകൾ എല്ലാം തന്നെ തൊഴിൽ കാർഡ് ഉണ്ടായിരുന്നു. ഒരേ ഭൂവുടമകളുടെ സ്ഥലങ്ങളിൽ തന്നെയാണ്

എല്ലാവർഷവും കയ്യാല നിർമ്മിച്ചിരിക്കുന്നത് കുടിവെള്ള പ്രശ്നങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല എന്നും കയ്യാല നിർമ്മാണവും മഴ കുഴിയും അവർക്ക് ആവശ്യം പ്രവർത്തികൾ ആയി തോന്നിയിട്ടില്ല ആവർത്തന ഉള്ള പ്രവർത്തികളാണ് തൊഴിലാളികൾക്ക് എപ്പോഴും കിട്ടാറുള്ളത് എന്നെ സൈറ്റ് സന്ദർശിച്ചപ്പോൾ മനസ്സിലായി ഭൂവുടമകളിൽ അപേക്ഷ വാങ്ങി പഞ്ചായത്തിൽ എത്തിച്ചു കൊടുക്കാൻ ആണ് പതിവ്.

പ്രവർത്തിയുടെ പേര് അറക്ക തോട് നീർ തടത്തിലെ മണ്ണുജല സംരംക്ഷണ പ്രവൃത്തികൾ നരിച്ചടക്കൽ ഭാഗം മഴ കുഴിയും ബണ്ട് നിർമ്മാണവും

1604009007/wc/320402

പ്രവർത്തി 22 9 2018ലെ തുടങ്ങി 5 10 2018 നു പൂർത്തീകരിച്ചു 102 തൊഴിലാളികൾ 13 ദിവസങ്ങളിലായി 1029 തൊഴിൽദിനങ്ങൾ ആകെ ചിലവഴിച്ചത് 284043 രൂപയാണ് ഇതിൽ സൈറ്റ് കൂടി നായുള്ള 3000 രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു

പ്രവർത്തി സന്ദർശനവേളയിൽ കാണാൻ സാധിച്ചത് പ്രവർത്തികൾ കാടുപിടിച്ചത് ആയി കാണപ്പെട്ടു മിക്കയിടത്തും എയും പോലെ അവിടെയുള്ള മഴക്കുഴികൾ അധികവും മൂടപ്പെട്ടിരിക്കുന്നു ചിലതിൽ വൃക്ഷലതാദികൾ നട്ടിരിക്കുന്നു പിന്നെ ചില മഴക്കുഴികൾ വേസ്റ്റ് കമ്പോസ്റ്റ് ആയി ഉപയോഗിച്ചിരിക്കുന്നു ഇതിനൊന്നും സ്പെസിഫിക് ആയി ഒരു അളവുകളും ഇല്ല.

പ്രവർത്തിയുടെ പേര് മണ്ണ് ജലസംരക്ഷണം പ്രവർത്തികൾ നെടുമ്പറമ്പത്ത് ഭാഗം കയ്യാല നിർമ്മാണം

1604009007/wc/331457

പ്രവർത്തി തുടങ്ങിയ തീയതി 24 1 2019 അവസാന തീയതി 26/01/2019. 41 തൊഴിലാളികൾ 105 തൊഴിൽ ദിനങ്ങളിൽ മൂന്നുദിവസംകൊണ്ട് പൂർത്തീകരിച്ചു പ്രവർത്തിയുടെ ആകെ അടങ്കൽ തുക മൂന്നു ലക്ഷത്തി അമ്പതിനായിരം ആകെ ചെലവായത് 292248 രൂപ മൂന്ന് ഘട്ടങ്ങളിലായി നടന്ന പ്രവർത്തിയാണിത്.. സജീവ തൊഴിലാളികളുടെ സ്ഥലങ്ങളിലാണ് പ്രവർത്തി അധികവും നടന്നിരിക്കുന്നത് ഭൂവുടമകൾക്ക് എല്ലാം തൊഴിൽകാർഡ് ആവർത്തന സ്വഭാവമുള്ള പ്രവൃത്തിയായിരുന്നു തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ വേണ്ടി നൽകിയ പ്രവർത്തിയായി തോന്നി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മുൻപ് സാങ്കേതിക ഉദ്യോഗസ്ഥർ പ്രവർത്തി സ്ഥലം സന്ദർശിക്കാൻ ഇല്ല എന്ന് തൊഴിലാളികൾ പറഞ്ഞു ഭൂവുടമ നിന്ന് അപേക്ഷ വാങ്ങി പഞ്ചായത്തിൽ എത്തിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. പ്രവർത്തി നടന്ന പ്രദേശത്ത് സൈറ്റ് ബോർഡ് ഒന്നും കാണാൻ സാധിച്ചില്ല പക്ഷേ അതിനുള്ള ഫണ്ട് അനുവദിച്ചതായി കണ്ടു.

പ്രവർത്തിയുടെ പേര് അറക്ക തോട് നീർ തടത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തി കൾ നരിച്ചടക്കൽ ഭാഗം കയ്യാല നിർമാണം

1604009007/wc/331440

പ്രവർത്തി തുടങ്ങിയത് തിയ്യതി 13 12 2018 മുതൽ 26 01 2019 വരെ ആണ് 1123 തൊഴിൽദിനങ്ങൾ 23 ദിവസം കൊണ്ട് പൂർത്തി കരിച്ചു അടങ്കൽ തുക യായി മൂന്നു ലക്ഷത്തി അമ്പതിനായിരം രൂപ.ചെലവായത് 306121 കയ്യാല നിർമാണമാണ് പ്രധാനമായും നടന്നത്.

ഫീൽഡ് പരിശോധിച്ചപ്പോൾ മനസ്സിലായത് അളവുകൾ ഒന്നുമില്ലാതെയാണ് കയ്യാലകൾ നിർമ്മിച്ചത് പ്രവർത്തിയിൽ നടന്ന ഭാഗമെല്ലാം കുറ്റിച്ചെടികളും കുറച്ച് ഇടങ്ങളിൽ കയ്യാലകൾ ഇടിഞ്ഞത് ആയും കണ്ടെത്തി.പ്രവർത്തന യോഗ്യമായ ബാക്കിയുള്ള കയ്യാലകൾ എല്ലാം തന്നെ കണ്ടത് സൈറ്റ് ബോർഡ് ഒന്നും കാണാൻ സാധിച്ചില്ല പക്ഷേ ഫയലിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

കല്ലൂർ ബ്രാഞ്ച് കനാൽ സംരക്ഷണം റീച് (wc:1604009007/wc/340439)

പ്രവർത്തി 31/01/2019 to 07/02/2019(8 ദിവസം).മാസ്ട്രോൾളിൽ 34 തൊഴിലാളികൾ 226 തൊഴിൽ ദിനങ്ങൾ 8 ദിവസംകൊണ്ട് പൂർത്തീകരിച്ചു. പ്രവർത്തിക്കായി അനുവദിച്ച തുക 91000 രൂപ. ആകെ ചെലവായത് 66495 രൂപ. സജീവ തൊഴിലാളികൾ ഷിജില(03/289) ഷൈജ ടികെ(03/186), സുശീല(03/28) എന്നിവരുമായി അഭിമുഖസംഭാഷണത്തിൽ പ്രള യത്താൽ മൂടപ്പെട്ട കനാൽ ശുചീകരണ പ്രവർത്തിയാണ് നടത്തിയതെന്നും കനാലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും വൃത്തിയാക്കി കനാൽ നവീകരിച്ചു. ഇത് ഒരു പൊതു പ്രവർത്തിയായി ആണ് രേഖപ്പെടുത്തിയത് പണി സ്ഥലം സന്ദർശിച്ചപ്പോൾ കനാൽ പരിസരം കാടുകളാൽ മൂടപ്പെട്ടിരിക്കുന്നു. പ്രവർത്തി നടത്തുമ്പോൾ കുഴിച്ചെടുത്ത മണ്ണ് 50m ദൂരെ നിക്ഷേപിക്കണം എന്നാണ് പക്ഷേ കനാലിനെ തൊട്ടടുത്ത് തന്നെയാണ് നിക്ഷേപിച്ചതായി കാണാൻ കഴിഞ്ഞത്.പേരാമ്പ്ര ഗ്രാമപഞ്ചായത്ത് വാർഡ് 3 അ അറക്കതോട് നീർ തടത്തിലെ മണ്ണുജല സംരംക്ഷണ പ്രവ്യത്തികൾ കല്ലോട് ഭാഗം ഫീൽഡ് പരിശോധന(work code-1604009007/wc/30/1994. ഫീൽഡ് പരിശോധനയിൽ ഞങ്ങളെ സഹായിച്ചത് സൗമിനി എന്ന് മാറ്റ് ആണ് (KL-04-007-003/190). പ്രവർത്തി നടന്ന സ്ഥലം പരിശോധിച്ചപ്പോൾ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ഫയൽ പ്രകാരമുള്ള വർക്കുകൾ അല്ലായിരുന്നു അവിടെ ചെയ്തിട്ടുള്ളത് ഫയൽ പ്രകാരം മഴക്കുഴി നിർമാണവും ബണ്ട് നിർമ്മാണ വുമാണ് വേണ്ടിയിരുന്നത്. അവിടെ കാണാൻ സാധിച്ചത് ജൈവവേലി നിർമ്മാണവും മാറികൊത്തൽ ആണ്. ഞങ്ങൾ ചുറ്റുപാടുമുള്ള തൊഴിലാളികളുമായി സംസാരിച്ചപ്പ- KL-04-009-007-003/136. തൊഴിൽ കാർഡ് പരിശോധിച്ചതിൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, പുതിയ തൊഴിൽ കാർഡ് ലഭ്യമായിട്ടുണ്ട് എങ്കിൽ കൂടി പഞ്ചായത്തിന്റെ സീൽ ഫോട്ടോഗ്രാഫിൽ കാണാൻ കഴിഞ്ഞില്ല, 100 തൊഴിൽ ദിനങ്ങൾ ലഭ്യമാവില്ല എന്നും അവർ അവകാശപ്പെട്ടു, കൂലി ലഭ്യമാവാൻ കാലതാമസം ഉണ്ടെന്നും

അഭിപ്രായപ്പെട്ടു, പുതിയ തൊഴിൽ ദിനങ്ങൾ ഉണ്ടാവാൻ ഒരു മാസത്തിലേറെ താമസം ഉണ്ടെന്നു തൊഴിലാളികൾ പറഞ്ഞു. ഗ്രാമസഭയിൽ കൃത്യമായി അവർ പങ്കെടുക്കാറുണ്ട് എന്നും മനസ്സിലാക്കാൻ കഴിഞ്ഞു

[0: പേരാമ്പ്ര ഗ്രാമപഞ്ചായത്ത് വാർഡ് 3 കേളോത്ത് മണവയൽ  റോഡിന്റെ ഫീൽഡ് പരിശോധന ആയിരുന്നു. KL-04-009-007-003/197 വനജ എന്ന് തൊഴിലാളിയാണ് തൊഴിൽ സ്ഥലങ്ങൾ ഞങ്ങളെ പരിചയപ്പെടുത്തിയത്. ഫിറോസ് ആ വർക്ക് സൈറ്റിന് ഒരു മേറ്റ് ഉണ്ടായിരുന്നില്ല എന്നും പ്രദേശവാസികലോഡ്. 35 മീറ്റർ ലെങ്ത്തും 2.5 മീറ്റർ വീതിയും കോൺക്രീറ്റ് ചെയ്ത് ആ റോഡിന് ഉണ്ടായിരുന്നു. പ്രവർത്തി സ്ഥലത്തിന് തൊട്ടരികിൽ ഉള്ള വീടുകളിൽ താമസിക്കുന്നവർ തന്നെയായിരുന്നു തൊഴിലാളികൾ അതിൽ ആരും തന്നെ സജീവ  തൊഴിലാളികൾ ആയിരുന്നില്ല. പഞ്ചായത്ത് നിർമാണപ്രവൃത്തി നടന്ന സ്ഥലത്ത് സൈൻ ബോർഡുകൾ ഉണ്ടായിരുന്നില്ല. തൊഴിലാളികളോട് ചോദിച്ചതിൽ പ്രകാരം അത് പഞ്ചായത്ത് ആണ് വെക്കാറുള്ളത്  എന്ന് പറഞ്ഞു. ആ പ്രവർത്തിയിൽ സ്കിൽഡ് തൊഴിലാളികളും unskilled തൊഴിലാളികളും ഉൾപ്പെട്ടിട്ടുണ്ട്. അതിൽ ഉൾപ്പെട്ട സജീവ തൊഴിലാളിയായ KL-04-009-007-005/164 ഇന്ദിര T C  എന്ന തൊഴിലാളിക്ക് പുതിയ തൊഴിൽ കാർഡ് ലഭിച്ചില്ല എന്ന് അറിയാൻ സാധിച്ചു. പണിക്കൂലി ലഭിക്കാൻ കാലതാമസം പിടിച്ചു എന്നും അവർ പറഞ്ഞു. ആ പദ്ധതിയിൽ ഉൾപ്പെട്ട ഒരു തൊഴിലാളി റിട്ടയേഡ് ഗവൺമെന്റ് ഉദ്യോഗസ്ഥൻ ആണെന്നും അറിയാൻ സാധിച്ചു ചന്ദ്രദാസ് തൊഴിൽ കാർഡ് നമ്പർKL-04-009 -007-003/383.

[: കുന്നത്തു കുനി താഴെ മുതൽ കാക്കുനി വരെ മരക്കാടി തോട് നവീകരണം (1604009007/WH/320507)

പ്രവർത്തി ആരംഭിച്ചത്  29/01/19-18/02/19 അടങ്കൽ  തുക 210150 രൂപയാണ്. വേതന ഇനത്തിൽ 132151വേദന ഇനത്തിൽരൂപയും പണിയുടെ വാടക 762 രൂപയും നൽകിയിരിക്കുന്നു 45 തൊഴിലാളികൾ 322 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് പ്രവർത്തി ചെയ്ത സ്ഥലം സന്ദർശിച്ച് കാണാൻ കഴിഞ്ഞത് തോട് പ്ലാസ്റ്റിക്കും മറ്റും അടിഞ്ഞു കൂടിയ അവസ്ഥയിലാണ് ബോർഡിന് 3000 രൂപ അനുവദിച്ചതായി ഫയലിൽ കണ്ടു തോട് നവീകരിച്ചത് ആയി കാണാൻ കഴിഞ്ഞില്ല തൊഴിലാളികളെ സന്ദർശിക്കുകയും കൂടാതെ പ്രദേശവാസികളെയും സന്ദർശിച്ചു തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് വേണ്ടി നൽകിയ പ്രവൃത്തിയായി തോന്നി പ്രവർത്തി ചെയ്തത് സ്ഥലങ്ങളിൽ ഒന്നും തന്നെ സൈൻബോർഡ് കാണാൻ കഴിഞ്ഞില്ല കാടുപിടിച്ച് സ്ഥലവും അതിൽ നിറയെ പ്ലാസ്റ്റിക് മാലിന്യം തള്ളിയ അവസ്ഥയിലും കാണാൻ കഴിഞ്ഞു.

[ അറക്കതോട് നീർ തടത്തിലെ മണ്ണ് ജല സംരക്ഷണ പദ്ധതികൾ കേളോത്ത് വിഭാഗം (1604009007/wc/297800)

പ്രവർത്തി ആരംഭിച്ചത്  26/10/2018 മുതൽ 13/11/2018മൂന്ന് ഘട്ടങ്ങളിലായി നൽകിയ ക്രോസിൽ 65 തൊഴിലാളികൾ ഉൾപ്പെട്ടിരിക്കുന്നു പ്രകാരം 40 യും 350000 എസ്റ്റിമേറ്റിൽ ആകെ എല്ലാ ഇനത്തിലും കൂടി 272599 രൂപ ചിലവായത് പ്രവൃത്തിയിൽ ഉൾപ്പെട്ട തൊഴിലാളികൾക്കു പ്രോട്ടീൻ തൊഴിലാളികൾക്ക് പ്രവർത്തി സ്ഥലങ്ങളിൽ തണൽ

കുടിവെള്ളം പ്രഥമ ശുശ്രൂഷ കിറ്റുകൾ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമായിരുന്നില്ല മണ്ണ് ജലസംരക്ഷണപ്രവൃത്തി കളിൽ പെട്ട മഴക്കുഴി നിർമാണവും ഇപ്പോൾ പലതും പ്രവർത്തന യോഗ്യമല്ല മഴക്കുഴികൾ മൂടപ്പെട്ടിരിക്കുന്നു കയ്യാല നിർമ്മാണം പലതും കാടു പിടിച്ചിരിക്കുന്നു മൂന്നുവർഷം ആസ്തി വേണ്ട തൊഴിലുറപ്പ് പ്രവർത്തികളിൽ പലതും മൂന്നു മാസം പോലും നിലനിൽക്കുന്നില്ല എന്നാണ് ഫീൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞത്. മഴക്കുഴികൾ പലതും ഭൂഉടമസ്ഥർ പിന്നീട് മറ്റു ചില പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതായും  ഫീൽഡ് പരിശോധനയിൽ മനസ്സിലായി.

[: അറക്കതോട് നീർ തടത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ കല്ലോട് ഭാഗം മഴക്കുഴി യും ബണ്ട് നിർമ്മാണവും

(1604009007/wc/301994)

പ്രവർത്തി  ആരംഭിച്ചത്  26/09/18 അവസാനിച്ചത് 7/10/18 11 ദിവസങ്ങളിലായി 1066 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്

ബാർബി സൈറ്റ് ബോർഡിന് 3000 രൂപയും അനുവദിച്ചതായി ഫയൽ പരിശോധനയിൽ കാണാൻ കഴിഞ്ഞ് ഞു ഫീൽഡ് സന്ദർശിച്ചപ്പോൾ പലസ്ഥലങ്ങളിലായി ആണ് മഴക്കുഴി നിർമ്മാണം നടന്നത് ഈ മഴക്കുഴികൾ ഒന്നും തന്നെ ഇപ്പോൾ കാണാൻ കഴിഞ്ഞില്ല കാരണം മഴക്കുഴികൾ വേസ്റ്റ് ഇട്ടു മൂടുകയും, വായ നടുകയും ചെയ്തതായി കണ്ടു ഫയലിൻ എത്ര  മഴക്കുഴികൾ മഴക്കുഴികൾ ഉണ്ട് എന്ന് രേഖപ്പെടുത്തിയിട്ടില്ല മാറ്റി നോട് ചോദിച്ചു മനസ്സിലാക്കിയാണ് വി ആർ പിമാർ ഫീൽഡ് വെരിഫിക്കേഷൻ ചെയ്തത്. മഴക്കുഴി വേണ്ട എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത് കുടിവെള്ളക്ഷാമം ഇല്ലാത്ത പ്രദേശമാണ് എന്നും പ്രദേശവാസികൾ പറഞ്ഞു ഈ  പ്രവർത്തിയും സൈറ്റ് ബോർഡ് കാണാൻ കഴിഞ്ഞില്ല.

: അറക്ക തോട് നീർ തടത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ പരചേരി  ഭാഗം കയ്യാല നിർമ്മാണം

(1604009007/wc/297792)

പ്രവൃത്തി  26/10/2018 മുതൽ  11/11/2018 വരെ

മൂന്നു ഘട്ടങ്ങളിൽ മസ്റ്റർ റോൾ ഇ 79 തൊഴിലാളികൾ ഉൾപ്പെട്ടിരിക്കുന്നു ലഭിക്കാറുള്ളത് 350000 രൂപ എസ്റ്റിമേറ്റിൽ 289173 രൂപ ചെലവായിട്ടുണ്ട് ഈ പ്രവർത്തിയിൽ ഉൾപ്പെട്ട

സ്ഥലത്ത്

തണൽ കുടിവെള്ളം പ്രാഥമിക ശുശ്രൂഷ കിറ്റുകൾ തുടങ്ങിയ ഒന്നും ലഭ്യമായിരുന്നില്ല

കയ്യാലകൾ എല്ലാംതന്നെ നല്ല രീതിയിൽ കാണാൻ കഴിഞ്ഞു ചില സ്ഥലങ്ങളിൽ കാടുപിടിച്ചു കിടക്കുന്ന ആയി കണ്ടു ഈ പ്രവൃത്തിയുടെ സൈറ്റ് ബോർഡ് കാണാൻ കഴിഞ്ഞില്ല മെഷർമെൻറ് ബുക്കിൽ കൃത്യമായ അളവുകൾ ഒന്നും രേഖപ്പെടുത്താത്ത അതിനാൽ

ഫീൽഡ് പരിശോധനയിൽ കൃത്യമായി കയ്യാലയുടെ അളവുകൾ ഒന്നും രേഖപ്പെടുത്താനായില്ല സ്ഥലങ്ങളിലായാണ് കയ്യാല നിർമ്മാണം നടന്നത്.

**കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.**

1. കവർപേജ്

2. ചെക്ക് ലിസ്റ്റ്

3. ആക്ഷൻ പ്ലാൻ/ ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ചത് കോപ്പി

4. സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതി കോപ്പി

5. ഭരണാനുമതി യുടെ കോപ്പി

6 സാങ്കേതിക അനുമതിയുടെ കൊപ്പി

7. സംയോജിത പദ്ധതി വിശദാംശങ്ങൾ

8. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുള്ള അപേക്ഷ

9. തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖയുടെ കോപ്പി

10. പൂരിപ്പിച്ച മസ്റ്ററോളിന്റെ കോപ്പി

11. മെഷർമെൻറ് ബുക്കിനെ കോപ്പി

12. സാധനങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ ക്ഷണിച്ചതിൽ എയും കംപാരറ്റീവ് സ്റ്റേറ്റ്മെൻറ് യും മെറ്റീരിയൽ സപ്ലൈ ഓർഡർ കോപ്പി

13. വെജ് ലിസ്റ്റ്

14. വേതനത്തിനും സാധനങ്ങളുടെയും പണമടച്ച് അതിൻറെ എഫ് ടി ഓ യുടെയും കോപ്പി

15. മെറ്റീരിയൽ വൗച്ചർ ബില്ലുകളുടെ യും കോപ്പി

16. റോയൽറ്റി അടച്ചതിനെ രസീത് കോപ്പി

17. തൊഴിലിനെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോകൾ

18. പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി

19.മസ്റ്ററോള് മൂവേമെന്റ് സ്ലിപ്

20. ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

22. സൈറ്റ് ഡയറി

തൊഴിലാളികൾക്കുള്ള 10 അവകാശങ്ങൾ

തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പ്രദാനം ചെയ്യുന്നു അവ ഏതൊക്കെ എന്ന് ചുവടെ കൊടുക്കുന്നു.

1.തൊഴിൽ കാർഡ് ലഭിക്കുവാനുള്ള അവകാശം (ഷെഡ്യൂൾ 2 : ഖണ്ഡിക 1--5 എ എം സി  അദ്ധ്യായം  3)

2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപറ്റ് രസീത് ലഭിക്കാനുള്ള അവകാശം( ഷെഡ്യൂൾ  1 ഖണ്ഡിക 8 ഷെഡ്യൂൾ  2 ഖണ്ഡിക  6--13)

3. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ( ആദ്യത്തെ 30 ദിവസം കൂലിയുടെ 1/4 & പിന്നിടുള്ള ദിവസങ്ങളിൽ1/2 ഭാഗം)

4. ഷെൽഫ് ഓഫ് വർക്ക് പ്രോജക്ട് തയ്യാറാക്കാനുള്ള അവകാശം

5. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10 ശതമാനത്തിലധികം

6. കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭ്യമാക്കുന്നതിനുള്ള അവകാശം(ഷെഡ്യൂൾ  2 ഖണ്ഡിക 23--28)

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം

8. വേദന വിതരണത്തിലെ കാലതാമസം സംഭവിച്ചാൽ നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം

9. സമയബന്ധിതമായി പരാതി പരിഹാരത്തിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

**കണ്ടെത്തലുകൾ**

1-കവർപേജ്

എ എം സി  പ്രകാരമുള്ള കവർപേജ് ഫയലുകളിൽ ഒന്നും കാണാൻ സാധിച്ചില്ല.

2 ചെക്ക് ലിസ്റ്റ്

എ എം സി പ്രകാരമുള്ള ചെക്ക്ലിസ്റ്റ് ഫയലുകൾ ഒന്നും കാണുവാൻ സാധിച്ചില്ല.

3 ആനുവൽ ആക്ഷൻ പ്ലാൻ

എഎംസി പ്രകാരമുള്ള ആനുവൽ ആക്ഷൻ പ്ലാൻ ഒരു ഫയലുകളിലും കാണാൻ സാധിച്ചില്ല.

4 ഭരണാനുമതി

പരിശോധിച്ചാൽ മുഴുവൻ ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചു.

5 സാങ്കേതിക അനുമതി

സാങ്കേതിക അനുമതി മുഴുവൻ ഫയലും കാണാൻ സാധിച്ചു. ഇതിൻറെ കവർ പേജിൽ നമ്പർ,തീയതി ഏതിനം പ്രവർത്തി, അവിദഗ്ധ തൊഴിലാളികളുടെ എണ്ണം, വേതനം,മാറ്റി നിൻറെ പേര്, തൊഴിൽ കാർഡ് നമ്പർ, ഫോൺ നമ്പർ എന്നിവയും സാങ്കേതിക അനുമതി നൽകിയ സമിതിയുടെ കൺവീനർ ചെയർമാൻ എന്നിവരുടെ പേര് തീയതി എന്നിവയും സമിതിയിലെ അംഗങ്ങളുടെ പേര് വിവരങ്ങളും ഇല്ലായിരുന്നു.

ഈ കാര്യങ്ങൾ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

6 തൊഴിലിനുള്ള അപേക്ഷ

തൊഴിലിനുള്ള അപേക്ഷ എല്ലാ ഫയലുകളിലും

കാണാൻ സാധിച്ചിട്ടുണ്ട്. തൊഴിലാളികൾ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷ ആയിരുന്നു ഇത് അതിൽ ഒപ്പിട്ടതായി കാണുവാൻ സാധിച്ചു എ എംസി പ്രകാരമുള്ള തൊഴിലിനുള്ള അപേക്ഷ ഫോറം ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

7 തൊഴിൽ അനുവദിച്ചതിനെ പകർപ്പ്

തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ.

പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് ഇത്. വർക്ക് അലോക്കേഷൻ.പ്രവർത്തി അനുവദിച്ചതിന്റെ പകർപ് ഫയലുകളിൽ കാണുവാൻ സാധിച്ചില്ല. എന്നാൽ തൊഴിൽ സാക്ഷ്യപത്രം കാണുവാൻ സാധിച്ചു.

8 മസ്റ്റർ റോൾ

പ്രവർത്തി സ്ഥലത്തെ  തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റ് റോൾ.

പണി ആരംഭിക്കുന്നതിനുമുമ്പ് രാവിലെ അവസാനിക്കുന്നതിന് ശേഷം വൈകുന്നേരം ദിവസം രണ്ടു പ്രാവശ്യം വസ്തുക്കളിൽ ഒപ്പ് വെക്കണം.

തൊഴിലുറപ്പ് നൽകുന്ന പദ്ധതി ആയതിനാൽ ഏറ്റവും സൂക്ഷ്മതയോടെ കാര്യക്ഷമതയോടെ യും കൈകാര്യം ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യേണ്ട അടിസ്ഥാന രേഖയാണ് മസ്റ്റർ റോൾ.

മുസ്ട്രോളിൽ  വെട്ടി തിരുത്തലുകൾ വരാതിരിക്കാൻ ശ്രദ്ധിക്കുക. കൂടാതെ ഡെയിലി അറ്റൻഡൻസ്  കൃത്യമായ തീയതിയിൽ രേഖപ്പെടുത്തേണ്ടതാണ്. മെഷർമെൻറ് ബുക്ക് നമ്പർ പേജ് നമ്പർ, ചെക്കിങ് ടണ് ബൈ, അറ്റൻഡൻസ് ടേക്കൺ ബൈ എന്നിവയും കൂടെ കൃത്യമായി ചേർക്കേണ്ടതാണ്.

9 മെഷർമെൻറ് മുക്ക്

പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്.

പരിശോധിച്ച് ഫയലുകളിൽ പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ മെഷർമെൻറ് ബുക്ക് സൂക്ഷിച്ചുഇരിക്കുന്നതായി  കാണപ്പെട്ടു. മെഷർമെൻറ് ബുക്കിലെ അളവുകൾ കൃത്യമായി കാണാൻ സാധിച്ചു.

10 വെജ് ലിസ്റ്റ്

മുസ്ട്രോളിലെ  തൊഴിലാളികളുടെ ഹാജർ ദിനങ്ങളെ ആധാരമാക്കി വേതന വിതരണത്തിനുള്ള വെജ്  ലിസ്റ്റ് തയ്യാറാക്കേണ്ടത്.

ഇത് ഡാറ്റാ എൻട്രി ഓപ്പറേറ്റർ ചുമതലയാണ്.

ഒരുമസ്ട്രോൾ ക്ലോസ് ചെയ്ത് കഴിഞ്ഞാൽ നാലാമത്തെയോ അഞ്ചാമത്തെയോ ദിവസം ഈ പ്രവർത്തികൾ പൂർത്തീകരിക്കണം.

മുസ്ട്രോളിൽ ആധികാരികമായി  തൊഴിലാളികൾക്ക് വേദനം അനുവദിച്ചു

എന്ന് തെളിയിക്കുന്നതിനുള്ള  ആധികാരികത രേഖയാണിത്. പരിശോധിച്ച് ഒരു ഫയലുകളിലും വെജ് ലിസ്റ്റ് കാണുവാൻ സാധിച്ചിട്ടില്ല.

11 എഫ് ടി  ഒ

ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈനായി ആയിട്ട്  ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ്  രേഖപ്പെടുത്തി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ തയ്യാറാക്കി  അന്നു തന്നെയോ പിറ്റേദിവസവും പഞ്ചായത്തിൽ നിന്നും തൊഴിലാളികളുടെ വേതനം  ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് എത്തിക്കാൻ കഴിയുന്ന സംവിധാനമാണിത്. പരിശോധിച്ച ഫയലുകളിൽ  ഒന്നും എഫ്  ടി ഒ  കാണാൻ സാധിച്ചില്ല അവ കൊണ്ടുവരാൻ ശ്രമിക്കണം.

12 ഫോട്ടോസ്

പ്രവർത്തനവുമായി ബന്ധപ്പെട്ട് ടു മൂന്ന് തരം ഫോട്ടോകൾ ഫയൽ ഉൾപ്പെടുത്തേണ്ടതാണ്. അതായത് പ്രവർത്തിയുടെ ആരംഭം, പ്രവർത്തി നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരിച്ച് അതിനു ശേഷവും എന്നീ മൂന്നു ഫോട്ടോകൾ പരിശോധിച്ച് ഫയലുകളിൽ ഒന്നും കാണാൻ സാധിച്ചില്ല അവയും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

13 പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി

പ്രവർത്തി പൂർത്തീകരിച്ച എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്. പരിശോധിച്ച ഫയലുകളിൽ പഞ്ചായത്തിലെ മാതൃകയിലുള്ള പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരുന്നെങ്കിലും അവ എ എംസി പ്രകാരമുള്ള മാതൃകയിൽ അല്ല ഉണ്ടായിരുന്നത്. അതിനാൽ തന്നെ എ എം സി മാതൃകയിലുള്ള പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

14 മുസ്ട്രോൾ മൂവേമെന്റ് സ്ലിപ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും മാസ്റ്റർ ഓൾ അനുവദിച്ച തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തീയതികളിൽ നടന്നു എന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മാസ്റ്റർ ഓൾ മൂവേമെന്റ് സ്ലിപ് അഥവാ ഫയൽ ട്രാക്കിംഗ് ഫോറം പരിശോധിച്ച ഫയലുകളിൽ ഫയൽ ട്രാക്കിംഗ് ഫോറം കാണുവാൻ കഴിഞ്ഞെങ്കിലും വിവരങ്ങൾ അപൂർണആയിരുന്നു.

മുസ്ട്രോള് മൂവേമെന്റ് സ്ലിപ്പിൽ മുസ ്ട്രോൾ നമ്പർ മുസ്ട്രോളിനുള്ള അപേക്ഷ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക് നൽകിയ തിയ്യതി ബ്ലോക്കിൽ നിന്നും മുസ്ട്രോൾ ലഭിച്ച തിയ്യതി ചെക്ക് മെഷര്മെന്റ് നടത്തി എം ബുക്കും മറ്റു രേഖയും ബന്ധപ്പെട്ട സെക്രട്ടറി യ്ക്ക് സമർപ്പിക്കേണ്ട തിയ്യതി സെക്രട്ടറി യുടെ ഒപ്പ് സീൽ എന്നിവ കാണുവാൻ സാധിച്ചില്ല മുസ്ട്രോൾ മൂവേമെന്റ് സ്ലിപ്പിൽ പൂർണമായ വിവരങ്ങൾ ഉൾപെടുത്താൻ ശ്രദികേണ്ടത് ആണ്.

15 ജിയോ റ്റാഗ്സ് ഫോട്ടോസ്

പ്രവർത്തികൾ  ജിയോ ടാഗ് ചെയ്തിട്ടുണ്ടോ  എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോകൾ  പരിശോധിച്ച ഫയലുകളിലൊന്നും ഫോട്ടോകൾ കാണാൻ  സാധിച്ചില്ല  അവയും കൂടി ഉൾപെടുത്താൻ ശ്രദിക്കണം

16 സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ന്റെ കോപ്പി

തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണ് ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ, നിർവഹണ രീതിയിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ പ്രതീക്ഷിച്ച നേട്ടം പദ്ധതിമൂലം ഉണ്ടായിട്ടുണ്ടോ എന്ന് എല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീം രേഖകളും ഫയലുകളും രജിസ്റ്ററും പരിശോധിക്കുകയും പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തു നോക്കുകയും ചെയ്യുന്നതിനു ശേഷം പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ആണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്. ആറുമാസം കൂടുമ്പോൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് നടത്തണം പരിശോധിച്ച് ഫയലുകളിൽ ഒന്നിലും തന്നെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണുവാൻ സാധിച്ചില്ല.

17 സൈറ്റ് ഡയറി

തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് ആ പ്രവർത്തനവുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കാനുള്ള രേഖയാണ് സൈറ്റ് ഡയറി. പ്രൊജക്റ്റ് മീറ്റിംഗ് മിനുട്സ്, ഹാജർ, തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് അനുവദിച്ചു നൽകിയ സൗകര്യങ്ങളുടെ വിവരങ്ങൾ, തൊഴിലാളികൾ കൊണ്ടുവരുന്ന പണിയായുധങ്ങളുടെ വിവരങ്ങൾ, മേറ്റിനെ വിലാസവും ഫോൺ നമ്പറും, വിജിലൻസ് ആൻഡ് മോണിറ്ററിങ് റിപ്പോർട്ട്, അവർക്ക് ഈ സ്ഥലം സന്ദർശിച്ചിട്ടുള്ള പൊതുപ്രവർത്തകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എന്നിവ സൈറ്റ് ഡയറിയിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. പരിശോധിച്ച് ഫയലുകളിൽ ഒന്നും മേൽപ്പറഞ്ഞ കാര്യങ്ങൾ മുഴുവനായി രേഖപ്പെടുത്തിയിട്ടില്ല ഫയലുകളിൽ ഈ കാര്യങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിരുന്നത് അത്യന്താപേക്ഷിതമാണ്.

18  സൈറ്റ് ബോർഡ്

ഒരു പ്രവർത്തി നടത്തിയ സ്ഥലം കൃത്യമായി മനസ്സിലാക്കുന്നതിനും, പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സൈറ്റ് ബോർഡ് അത്യാവശ്യമാണ്. ഓഡിറ്റിന് ഭാഗമായി ഫീൽഡ് പരിശോധന നടത്തിയപ്പോൾ ഞങ്ങളുടെ ഓഡിറ്റിംഗ് കാലഘട്ടത്തിലെ സൈറ്റ് ബോർഡ് ഒന്നും കാണാൻ സാധിച്ചിട്ടില്ല.

.

ചർച്ച.

തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ തൊഴിലാളികളുമായി നടത്തിയ ചർച്ചയിൽ തൊഴിലാളികൾ ചോദിച്ച ചോദ്യങ്ങളും അവരുടെ സംശയങ്ങളും താഴെ കൊടുക്കുന്നു..

തൊഴിലാളികൾ സാമ്പത്തിക വർഷത്തിൽ 100 പണി ലഭിക്കുന്നില്ല എന്ന് അഭിപ്രായപ്പെട്ടു.

തൊഴിലാളികൾ പൊതുവായി അഭിപ്രായപ്പെട്ടത് രണ്ട്

തൊഴിലാളികൾ ഉള്ള വീടുകളിൽ മാത്രമേ 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളു എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

മഴ കുഴി വേണ്ട എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

സൈറ്റ് ബോർഡ് ലഭിക്കാറില്ല എന്ന് അഭിപ്രായപ്പെട്ടു,

മറുപടി

അക്രെഡിറ്റഡ് എഞ്ചിനീയർ കഴിഞ്ഞവർഷം എല്ലാവർകിലും ടിൻ സൈറ്റ് ബോർഡ് ഉണ്ടായിരുന്നു 85 സൈറ്റ് ബോർഡുകൾ 19 വാർഡുകളിലായി വച്ചിട്ടുണ്ട് എന്നും എന്നാൽ ഈ വർഷം കോൺട്രാക്ട് എടുത്ത് നടത്തുകയാണ് ആയതിനാൽബിൽ എഴുതി വെച്ചോളൂ എന്നാണ് അവരോട് നിർദേശിച്ചത് പഞ്ചായത്തിൽ നിന്നും വാങ്ങുന്നില്ല എന്നാണ് മറുപടി നൽകിയത്.

തൊഴിലാളികൾക്ക് ഫസ്റ്റ് എയിഡ് ബോക്സ് ലഭിക്കാറില്ല എന്ന് പറഞ്ഞു. മേറ്റ്മാർ അഭിപ്രായപ്പെട്ടത് തന്നെ പൈസ എടുത്തു വാങ്ങാറാണ് ചെയ്യാറ് എന്നാൽ പൈസ

ലഭിക്കാറില്ല എന്നുമാണ് അഭിപ്രായപ്പെട്ടത്.

മറുപടി

അക്രെഡിറ്റഡ് എഞ്ചിനീയർ പറഞ്ഞത് തൊഴിലാളികൾ വാങ്ങിയാൽ അതിന്റെ ബില്ല് സൂക്ഷിച്ചു വെച്ചാൽ പൈസ ലഭിക്കുമെന്നു മറുപടി കൊടുത്തു. തോട് വയൽ എന്നീ സ്ഥലങ്ങളിൽ പ്രവർത്തി ചെയ്യുമ്പോൾ കൊടുക്കാറുണ്ട് എന്നും മറുപടി നൽകി.

കുടി വെള്ള പാത്രം ഷീറ്റ് എന്നിവ വേണമെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

അപകടം പറ്റിയാൽ ചികിത്സാസഹായം ലഭിക്കുമോ എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

മറുപടി

അപകടം പറ്റിയാൽ പഞ്ചായത്തിൽ അറിയിക്കണമെന്നും യാത്ര ചിലവ് ആശുപത്രി ചെലവുകൾ എന്നിവയെല്ലാം ബില്ലുകൾ നൽകിയാൽ അതിന്റെ അലവൻസ് ലഭിക്കും എന്നും അക്രെഡിറ്റഡ് എഞ്ചിനീയർ മറുപടി പറഞ്ഞു.

തൊഴിലുറപ്പ് തൊഴിലാളികൾ വേതന പ്രശ്നത്തെ കുറിച്ചും വേതനം ലഭിക്കാൻ കാലതാമസം എടുക്കുന്നു എന്നും അഭിപ്രായപ്പെട്ടു.